## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് - കായിക വിഭാഗം അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഉത്തരവ് ഭേദഗതി

---

ഉത്തരവ് നം.ബി1 7270/2018/കോ.വി.വ /കോ.വി.വ തിരുവനന്തപുരം, തീയതി 26/06/2018

---

പരാമർശം:- 1. ഈ ഓഫീസിലെ 04/06/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. ശ്രീ.നജീബ് എച്ച് - ന്റെ 08/05/2018 തീയതിയിലെ അപേക്ഷ.
3. ശ്രീമതി.ബിനിത.ജി.ഐ - യുടെ അപേക്ഷ.

## ഉത്തരവ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കായിക വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.ബിനിത.ജി.ഐ - യെ കോട്ടയം മെഡിക്കൽ കോളേജിൽ ശ്രീ.അജയ്.പി.കൃഷ്ണനെ മാറ്റപ്പെട്ട ഒഴിവിലേയ്ക്കും കോട്ടയം മെഡിക്കൽ കോളേജിലെ കായിക വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.നജീബ് എച്ച് - നെ കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിൽ ശ്രീ.ആർ.രാജീവ് കുമാർ മാറ്റപ്പെട്ട ഒഴിവിലും മേൽ പരാമർശം (1) പ്രകാരം സ്ഥലം മാറ്റി നിയമിച്ചിരുന്നു.

ശ്രീ നജീബ് എച്ച്. തന്നെ കോട്ടയം മെഡിക്കൽ കോളേജിൽ തുടരാൻ അനുവദിക്കണമെന്ന് മേൽ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ശ്രീമതി.ബിനിത ജി.ഐ തന്നെ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും സ്ഥാപനത്തിൽ നിയമിക്കണം എന്ന് മേൽ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽ വിവരിച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽ പരാമർശം (1) പ്രകാരം സ്ഥലം മാറ്റപ്പെട്ട ശ്രീ.നജീബ്.എച്ച് - നെ കോട്ടയം മെഡിക്കൽ കോളേജിൽ തുടരാൻ അനുവദിച്ചുകൊണ്ടും ശ്രീമതി.ബിനിത.ജി.ഐ - യെ കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിൽ ശ്രീ.ആർ.രാജീവ് കുമാർ മാറ്റപ്പെടുന്ന ഒഴിവിൽ നിയമിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ ക്രമ നം. 06 ശ്രീ.മനോജ് മാത്യു ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം ശ്രീ.നജീബ്.എച്ച് - നെ സ്ഥലം മാറ്റപ്പെട്ട ഒഴിവിൽ എന്നതിനു പകരം ശ്രീ.അജയ്.പി.കൃഷ്ണനെ മാറ്റപ്പെടുന്ന ഒഴിവിൽ എന്ന ഭേദഗതി വരുത്തിയും ഉത്തരവാകുന്നു. മേൽ പരാമർശം (1) ഉത്തരവ് ടി ഭേദഗതിയോടെ നില നിൽക്കുന്നതാണ്.

ഒപ്പ്/
ഡോ.ഡി.കെ.സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)
0471-2303107
dd.colledn@kerala.gov.in

// അംഗീകാരത്തോടെ//

സൂപ്രണ്ട്

**പകർപ്പ്:-**

1) പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
2) പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, കാഞ്ഞിരംകുളം
3) പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
4) കരുതൽ ഫയൽ/ നടപ്പ് ഫയൽ

എസ്.ഒ.26/06/2018

GOVERNMENT OF KERALA 2017-18